സ്വാമി ശരണം

ദേവസ്വംകമ്മീഷണർ ആഫീസ്
തിരുവനന്തപുരം 21 /12/2015

ആർ.ഒ.സി. 24242/15/ മിസ്.എ

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- കൊല്ലവർഷം 1191-ലെ മണ്ഡലം മകരവിളക്ക് മഹോത്സവം- സ്പെഷ്യൽ ഡ്യൂട്ടി ജീവനക്കാരൻ പണാപഹരണം നടത്തിയതു സംബന്ധിച്ച്.

സൂചന :- ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ 21-12-2015-ലെ 330/15/ശബ. നമ്പർ റിപ്പോർട്ട്.

കൊല്ലവർഷം 1191- ലെ മണ്ഡലം മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഭണ്ഡാരം സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്ന തിരുവല്ല ഗ്രൂപ്പിലെ ഉമയാറ്റുകാവ് ദേവസ്വം കഴകം ശ്രീ. വി.രാജഗോപാൽ ശബരിമല ഭണ്ഡാരത്തിൽ നിന്നും ഡ്യൂട്ടി സമയത്ത് 9,000/-രൂപ (ഒൻപതിനായിരം രൂപ) അപഹരണം നടത്തിയിട്ടുള്ളതായും, പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുള്ളതായും ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ സൂചന റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ടിൽ നിന്ന് കഴകം ശ്രീ. വി. രാജഗോപാലിന്റെ പേരിൽ ഗുരുതരമായ വീഴ്ചയുള്ളതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടിയാൻ നടത്തിയ പണാപഹരണം നിമിത്തം ഡിപ്പാർട്ട്മെന്റിന് സാമ്പത്തിക നഷ്ടവും ഡിപ്പാർട്ട് മെന്റിന്റെ സൽപ്പേരിന് കളങ്കവും ഉണ്ടായിട്ടുള്ളതാണ്. മേൽ സാഹചര്യങ്ങളാൽ പണാപഹരണം, കൃത്യവിലോപം, ഡിപ്പാർട്ട്മെന്റ് നിയമങ്ങൾ ലംഘിക്കൽ തുടങ്ങിയ കുറ്റങ്ങൾ ശ്രീ.രാജഗോപാൽ ചെയ്തിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാന് നിയമാനുസൃതമുള്ള ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിയ്ക്കുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

സ്വീകർത്താവ്:-

ശ്രീ.വി. രാജഗോപാൽ
കഴകം,
ഉമയാറ്റുകാവ് ദേവസ്വം, തിരുവല്ല ഗ്രൂപ്പ്.
(അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖ കത്ത് സഹിതം)
2. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല.
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവല്ല.
5. EDP സെക്ഷൻ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

ശ.